**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 221** **25-06-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ശല്യം തടയുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുമുള്ള സഹകരണ കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ. വാഴൂർ സോമൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനസംരക്ഷണത്തിനും വന്യജീവി ആക്രമണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനും കേന്ദ്ര സഹായം ലഭിക്കാത്ത സാഹചര്യത്തിൽ അന്തർ സംസ്ഥാന സഹായത്തോടെ വനസംരക്ഷണവും വന്യജീവി പരിപാലനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് വനസംരക്ഷണത്തിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും ലഭ്യമാകുന്ന കേന്ദ്രസഹായം അപര്യാപ്തവും യഥാസമയം ലഭിക്കാത്തതുമായ സാഹചര്യത്തിൽ അന്തർ സംസ്ഥാന സഹായത്തോടെ വനസംരക്ഷണവും വന്യജീവി പരിപാലനവും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ട്. വന്യജീവികളേയും അവയുടെ ആവാസവ്യവസ്ഥയേയും സംരക്ഷിക്കുന്നതിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും ലാന്റ്സ്കേപ്പ് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അന്തർ-സംസ്ഥാന സഹകരണം അനിവാര്യമാണ്. |
| (ബി) | വന്യജീവി ശല്യം തടയുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തമിഴ്നാട്, കർണാടകം എന്നീ സംസ്ഥാനങ്ങളുമായി സഹകരണ കരാർ ഒപ്പുവച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഒപ്പുവച്ചിട്ടുണ്ട്. കേരളം, തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾ 10-03-2024 ൽ കർണ്ണാടകയിലെ ബന്ദിപ്പൂരിൽ വച്ച് ചേർന്ന അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയിൽ വനം-വന്യജീവി സംരക്ഷണത്തിനും, മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമായി വിഭവ കൈമാറ്റം, സ്ട്രാറ്റജിക് ഇന്റലിജൻസ് പങ്കുവയ്ക്കൽ, കാര്യക്ഷമത വർദ്ധിപ്പിക്കൽ എന്നീ മേഖലകളിൽ പരസ്പര സഹകരണത്തിന് ധാരണയായിട്ടുണ്ട്. |
| (സി) | വന്യജീവി ആക്രമണം രൂക്ഷമാകുന്ന സാഹചര്യത്തിൽ സംയുക്ത ദൗത്യങ്ങളിലൂടെ ജനങ്ങളുടെ സംരക്ഷണത്തിന് ആവശ്യമായ അന്തർ സംസ്ഥാന വിവര വിനിമയ സംവിധാനം ഉറപ്പാക്കുന്നതിന് പ്രസ്തുത കരാറിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ; | (സി) | വ്യവസ്ഥയുണ്ട്. ആന, കടുവ എന്നിവയുടെ ഡാറ്റാബേസ്, സ്ഥിരം വനകുറ്റവാളികളുടെ ഡാറ്റാബേസ് എന്നിവ പരസ്പരം പങ്കുവയ്ക്കുവാൻ ധാരണ ആയിട്ടുണ്ട്. കാട്ടുതീ പ്രതിരോധം പോലുള്ള വനസംരക്ഷണ പ്രവർത്തനങ്ങൾ അതിർത്തി പ്രദേശങ്ങളിൽ ഫോറസ്റ്റ് റെയിഞ്ച് തലത്തിൽ ഏകോപിപ്പിക്കുന്നു. അന്തർ-സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി ഫോറസ്റ്റ് റെയിഞ്ച് |

| | | | |
|---|---|---|---|
| | | | തലത്തിൽ ത്രൈമാസയോഗവും ഡിവിഷൻ തലത്തിൽ അർദ്ധവാർഷിക യോഗവും സംസ്ഥാനതലത്തിൽ വാർഷികയോഗവും ചേർന്നു സ്ഥിതിഗതികളും പുരോഗതിയും വിലയിരുത്താൻ ധാരണയായിട്ടുണ്ട്. |
| (ഡി) | വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മൂന്നു സംസ്ഥാനങ്ങളും സംയുക്തമായി കേന്ദ്രസർക്കാരിനെ സമീപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് മൂന്നു സംസ്ഥാനങ്ങളും സംയുക്തമായി കേന്ദ്രസർക്കാരിനെ സമീപിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ